"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും 60 വർഷം പഴക്കമുള്ളതുമായ 2/147 (Old no.1/1) എന്ന നമ്പരിലെ പഴയ ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1762/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/09/2020

---

പരാമർശം:- 1 ജി. ഒ.(പി ) നം.102/2017/ധന. തീയതി, 07/08/2017.

2 കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 24/01/2019-ലെ 2(4) നമ്പർ യോഗ തീരുമാനം

3 പഞ്ചായത്ത് ഡയറക്ടറുടെ PAN/2725/2019-C8(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കല്ലൂർക്കാട് വില്ലേജിൽ 288/5/2, 289/6 എന്നീ സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്നതും 60 വർഷം പഴക്കമുള്ളതുമായ 2/147(Old no.1/1) എന്ന നമ്പരിലെ കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം(2) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം(3) പ്രകാരം സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ വാല്യൂവേഷൻ & സർവ്വേ റിപ്പോർട്ട് ,പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള സർവേ റിപ്പോർട്ട്, കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൻറ 11/01/2019-ലെ 4(1), 4(2) എന്നീ തീയതികളിലെയും 24/01/2019-ലെ 2(4) എന്നീ നമ്പരിലെയും യോഗതീരുമാനം , പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൻറ ഉടമസ്ഥത യിലുള്ളതും 60 വർഷം പഴക്കമുള്ളതുമായ 2/147 (Old no.1/1) എന്ന നമ്പരിലെ പഴയ ഓഫീസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന ആർ പി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി,കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ).,കേരളം,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്-II) കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

ധനകാര്യ വകുപ്പ്/വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ(ആർ.സി1/119/2019/ത.സ്വ.ഭ.വ)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ